**കെ.ജി.എസ്.റ്റി. ആക്ടിന്റെ സെക്ഷൻ 5(2)-ന് വരുത്തിയ ഭേദഗതി**

42 (3251) ഡോ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ജി.എസ്.റ്റി. ആക്ടിന്റെ സെക്ഷൻ 5(2)-ന് 1998-ൽ വരുത്തിയ ഭേദഗതി എന്തായിരുന്നു ;

(ബി) പ്രസ്തുത ഭേദഗതിയുടെ ഉദ്ദേശ്യം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) ഇളവുകൾ അനുവദിക്കപ്പെട്ട എസ്.എസ്.ഐ. യൂണിറ്റുകളും ഖാദിഗ്രാമവ്യവസായ യൂണിറ്റുകളും നിർമ്മിക്കുന്ന വസ്തുക്കൾ വാങ്ങുകയും തങ്ങളുടെ 'ബ്രാന്റ് നെയിം' ഉപയോഗിച്ച് വിൽക്കുകയും ചെയ്യുന്ന കമ്പനികൾ നൽകേണ്ട വിൽപ്പന നികുതിയെ സംബന്ധിച്ച് കെ.ജി.എസ്.റ്റി. ആക്ടിലെ സെക്ഷൻ 5(2)-ൽ വ്യക്തമായ വ്യവസ്ഥകൾ ഉണ്ടോ ;

(ഡി) ഇളവുകൾ അനുവദിക്കപ്പെട്ട യൂണിറ്റുകളിൽ നിന്നും വാങ്ങി രണ്ടാം വില്പന നടത്തുന്ന ട്രേഡ്മാർക്ക്/ബ്രാന്റ് നെയിം രജിസ്ട്രേഷൻ ഉള്ള കമ്പനികളേയും രജിസ്ട്രേഷൻ ഇല്ലാത്ത കമ്പനികളേയും സംബന്ധിച്ച സെക്ഷൻ 5 (2)-ന്റെ വിശകലനത്തിൽ എന്തെങ്കിലും ആശയക്കുഴപ്പം ഉണ്ടായിരുന്നോ എന്ന് വെളിപ്പെടുത്താമോ ;

(ഇ) 1958-ലെ ട്രേഡ് ആന്റ് മെർക്കന്റൈൽ മാർക്സ് ആക്ട് പ്രകാരം 'ട്രേഡ്മാർക്ക്/ബ്രാന്റ് നെയിം ഹോൾഡർ' എന്ന പദവിക്ക് അർഹതയുള്ളവർ ആരാണ് എന്ന് അറിയിക്കാമോ ;

(എഫ്) ഇതേക്കുറിച്ച് 2004-ലെ ഫൈനാൻസ് ആക്ട് പ്രകാരം പുറപ്പെടുവിച്ച വിശദീകരണം എന്തായിരുന്നു ;

(ജി) പ്രസ്തുത ആക്ടിന്റെ സെക്ഷൻ 5(2)-ന്റെ വ്യാഖ്യാനത്തിലും നടപ്പാക്കലിലും ആശയക്കുഴപ്പം ഇല്ലായിരുന്നുവെങ്കിൽ ആറ് വർഷങ്ങൾക്കു ശേഷം 2004-ലെ ഫിനാൻസ് ആക്ട് പ്രകാരം ഒരു വിശദീകരണം പുറപ്പെടുവിക്കുവാനുള്ള കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(എച്ച്) ഏപ്രിൽ 1998-മേയ് 2000 കാലയളവിൽ ഏതെങ്കിലും യൂണിറ്റിന് ഏതെങ്കിലും ഉദ്യോഗസ്ഥൻ ഇക്കാര്യത്തിൽ വിശദീകരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഐ) മേൽപ്പറഞ്ഞ കാലയളവിൽ സെക്ഷൻ 5(2) പ്രകാരം ടാക്സ് നൽകിയതിലെ കുറവ് ചൂണ്ടിക്കാണിച്ചുകൊണ്ട് ഏതെങ്കിലും നികുതിദായകന് എന്തെങ്കിലും അറിയിപ്പ് നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ജെ) പ്രസ്തുത വിഷയത്തിൽ ഉണ്ടായിരുന്ന ആശയക്കുഴപ്പം കാരണം ഉണ്ടായ വീഴ്ചയ്ക്ക് നികുതിദായകരെ ശിക്ഷാർഹരാക്കുന്നത് ഉചിതമാണ് എന്ന് കരുതുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തേയില ഒഴികെയുള്ള ഏതൊരു ഉല്പന്നവും ഒരു ബ്രാന്റ് പേരിലോ, ട്രേഡ് മാർക്കിലോ വില്ക്കുകയാണെങ്കിൽ അത്തരം വില്പന സംസ്ഥാനത്തിനകത്തെ ആദ്യ വില്പനയായി കണക്കാക്കി ആയത് നികുതിയ്ക്ക് വിധേയമാക്കുകയെന്നതാണ് ഭേദഗതി.

(ബി) ബ്രാന്റ് പേരിലോ, ബ്രാന്റ് മാർക്കോ ഉപയോഗിച്ച് പായ്ക്കറ്റിലാക്കി വിൽക്കുന്ന സാധനങ്ങൾക്ക് ആദ്യഘട്ടത്തിനുശേഷം നികുതി ചുമത്തുക എന്നുള്ളതായിരുന്നു ഉദ്ദേശ്യം.

(സി) ഉണ്ട്.

(ഡി) ആശയക്കുഴപ്പം ഒന്നും തന്നെയില്ല.

(ഇ) വില്പന നികുതി നിയമപ്രകാരം അത്തരം രജിസ്ട്രേഷൻ നിർബന്ധമല്ലാത്തതിനാൽ പ്രസ്തുത ആക്ടിലെ വകുപ്പുകൾ ഇവിടെ പ്രസക്തമല്ല.

(എഫ്) വകുപ്പ് 2(6എഎ)-യിൽ ബ്രാന്റ് നെയിം എന്നതിന് ഒരു നിർവ്വചനം മാത്രമേ കൊടുത്തിട്ടുള്ളു. അല്ലാതെ ഒരു വിശദീകരണവും 2004-ലെ ഫൈനാൻസ് ആക്ടിൽ കൊണ്ടുവന്നിട്ടില്ല.

(ജി) ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് 2004-ലെ ധനകാര്യ നിയമം മുഖേന ബ്രാന്റ് നെയിമിന് ഒരു നിർവചനം വകുപ്പ് 2(6എഎ) പ്രകാരം ഉൾക്കൊള്ളിച്ചത്.

(എച്ച്) ഇല്ല. ബാധകമല്ല.

(ഐ) വകുപ്പ് 5(2) പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ വ്യാപാരി നികുതി കുറച്ചു നൽകിയിട്ടുണ്ടെങ്കിൽ യഥാർത്ഥമായ നികുതി ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകാൻ നികുതി നിർണ്ണയ ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥനാണ്. അങ്ങനെ നൽകിയിട്ടുള്ള നോട്ടീസുകളുടെ പകർപ്പ് ലഭ്യമല്ല.

(ജെ) വകുപ്പ് 5(2) പ്രകാരം നികുതി അടയ്ക്കുവാനുള്ള ബാദ്ധ്യതയെ കുറിച്ച് യാതൊരുവിധ ആശയക്കുഴപ്പവും നിലനിന്നിരുന്നില്ല. ആയതുകൊണ്ട് തന്നെ യഥാസമയം നികുതി അടയ്ക്കുന്നതിൽ വീഴ്ച വ്യാപാരികളുടെ ഭാഗത്തുനിന്നുണ്ടാകേണ്ടതില്ല.

**കെ.ജി.എസ്.ടി. ആക്ട് സെക്ഷൻ 5-ൽ ഭേദഗതി വരുത്തിയതുമൂലം കച്ചവടക്കാർക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ**

43 (3252) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ജി.എസ്.ടി. ആക്ട് സെക്ഷൻ 5-ൽ 1998-ൽ വരുത്തിയ ഭേദഗതി എന്തായിരുന്നു : ഇതിന്റെ കാരണം എന്ത് എന്ന് വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly